# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം. പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ മാസ്റ്റർ പ്ലാൻ വഴിയൊരുക്കുന്നു. കുട്ടികളുടെ ശാരീരിക മാനസിക വികാസത്തിന് തടസ്സം സൃഷ്ടിക്കുന്ന ഘടകങ്ങൾ തിരിച്ചറിഞ്ഞ് അവയെ പരിഹരിക്കുവാനും വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷിയും മനോഭാവവും വികസിപ്പിക്കുവാനും അതുവഴി നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാനും ഈ മാസ്റ്റർ പ്ലാനിലൂടെ കഴിയും എന്നതാണ് പ്രതീക്ഷ . എല്ലാ പ്രൊജക്ടുകളും മികച്ച രീതിയിൽ ഏറ്റെടുക്കുവാൻ ശ്രമം നടത്തുന്ന വിദ്യാലയമാണ് 1925 ൽ സ്ഥാപിതമായ ജി എം എൽ പി സ്കൂൾ എടക്കടപ്പുറം. പൊതു സമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് പരിപോഷിപ്പിക്കേണ്ടതുണ്ട്. അതിന് കരുത്തു പകരുവാൻ കഴിയും എന്ന ആത്മവിശ്വാസത്തോടെ തയ്യാറാക്കിയിരിക്കുന്നതാണ് ഈ മാസ്റ്റർ പ്ലാൻ.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: ജി എം എൽ പി എസ് എടക്കടപ്പുറം
വിലാസം. : എടക്കടപ്പുറം താനൂർ പി ഒ
ഫോൺ നമ്പർ : 0494 2444068
സ്കൂൾ കോഡ്. : 19607
വിദ്യാഭ്യാസ ഉപജില്ല : താനൂർ
വിദ്യാഭ്യാസ ജില്ല. : തിരൂരങ്ങാടി
റവന്യൂ ജില്ല. : മലപ്പുറം
ബി ആർ സി : താനൂർ
പഞ്ചായത്ത് / മുൻസിപ്പാലിറ്റി: താനൂർ മുനിസിപ്പാലിറ്റി
ബ്ലോക്ക്. : താനൂർ
ജില്ലാ പഞ്ചായത്ത് : മലപ്പുറം
നിയമസഭാ മണ്ഡലം. : പൊന്നാനി
താലൂക്ക്. : തിരൂർ
വില്ലേജ്. : താനൂർ
ഈ മെയിൽ വിലാസം :edakkadappuramgmlps@gmail.com

## ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ നാലു വരെയുള്ള ഓരോ കുട്ടിയും ആർജിക്കേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
2. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പുവരുത്തുക.
3. കലാ കായിക പ്രവർത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.
4. ലൈബ്രറി ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കുക.
5. ലഘു പഠന യാത്രകൾ, പഠന ക്യാമ്പ്, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
6. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി വളർത്തുക.
7. പ്ലാസ്റ്റിക് മുക്ത ,കീടനാശിനി മുക്ത, ലഹരി മുക്ത വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
8. സ്കൂൾ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക.
9. ഐസിടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗദ്ധിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പുവരുത്തുക.
10. സ്കൂളിലെ വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി സ്കൂളിൻറെ വളർച്ചയ്ക്ക് ഉതകുന്ന വിധം പ്രയോജനപ്പെടുത്തുക.

# മലയാളം

| പ്രശ്നം | പരിഹാരം | ചുമതല | തുക | കാലയളവ് |
|---|---|---|---|---|
| കുട്ടികളിലെ ആശയദാരിദ്ര്യം കുട്ടികളിലെ സർഗാത്മകത കുറവ് അമ്മമാരുടെ വായനാക്കുറവ് അമ്മമാരുടെ സർഗാത്മകത കുറവ് | കോർണർ പിടിഎ (രണ്ടുമാസത്തില ൊരിക്കൽ ) | സ്റ്റാഫ് ആൻഡ് പി ടി എ | 8000 - | ജൂൺ-മാർച്ച് |
| പ്രവർത്തനം 2 - അമ്മ വായന | അമ്മമാർക്കുള്ള ലൈബ്രറി പുസ്തകവിതരണം ( രണ്ടുമാസത്തിലൊരിക്കൽ) | ക്ലാസ് ടീച്ചർ | | |
| പ്രവർത്തനം 3 സാഹിത്യകാരന്മാരുമായുള്ള സംവാദം | | എസ് ആർ ജി | 2000 | സെപ്റ്റംബർ ജനുവരി |
| പ്രവർത്തനം 4 അമ്മമാരുടെ സർഗോത്സവം | | | | ജനുവരി - ഫെബ്രുവരി |

# ENGLISH

## Honey Drops

Problem: lack of communication skill
Aim :To develop communication skill.
To develop English atmosphere in classroom.
To create a live classroom situation

| | | | Duration |
|---|---|---|---|
| Activity 1 – Simple Interaction with Students | Aim : to improve language acquisition skill. | Empower the vocabulary | June – March |
| Activity : 3 -English assembly<br>& Extra Rhymes. | | Aim : To understand simple commands | June -September |
| Activity :4 - English games based on Hello English | Aim : Empower the vocabulary | Aim : To develop communication skill and language skill. | July March |
| Activity 5 -English Story telling ( one story one week) | | | July – March |
| Activity<br>New Words<br>(every Monday-Friday) | | | |
| Activity 6 Self Introduction. | Aim : To develop communication and speaking skill. | | January- March |
| Activity To introduce things | Aim To empower the creative writing | | January- March |
| Activity Description | | | |

# പരിസരപഠനം

പ്രശ്നം

1. കൃഷിയുടെ പ്രാധാന്യത്തെ കുറിച്ചുള്ള ധാരണയില്ലായ്മ

2.ശാസ്ത്രാഭിരുചി വളർത്തൽ

ലക്ഷ്യം : കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും വിവിധ കൃഷിരീതികളെക്കുറിച്ചും വിവിധ കൃഷിയിടങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കുന്നതിന്

| | | | | |
|---|---|---|---|---|
| പ്രവർത്തനം 1 അടുക്കളത്തോട്ട നിർമ്മാണം-കുട്ടികളുടെ വീട്ടുകളിൽ | | 1000 | എം പി റ്റി എ | ജൂലൈ- ഓഗസ്റ്റ് |
| പ്രവർത്തനം 2 സ്കൂളിൽ പച്ചക്കറിത്തോട്ട നിർമ്മാണം | | 3000 | പി ടി എ, എസ് എം സി | ഓഗസ്റ്റ്-ഡിസംബർ |
| പ്രവർത്തനം 3 കർഷകരുമായി അഭിമുഖം | | 3000 | എസ് എസ് കെ | ജനുവരി - ഫെബ്രുവരി |
| പ്രവർത്തനം:4 ശാസ്ത്രജ്ഞരുമായി അഭിമുഖം | | 2000 | പിടിഎ ,എസ് എം സി | ഫെബ്രുവരി -മാർച്ച് |

# ഗണിതം

പ്രശ്നം : 1.ഗണിത ശേഷികളെ കുറിച്ചുള്ള ധാരണയില്ലായ്മ.
2. അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക.

| പ്രശ്നം | പ്രവർത്തനം | ഫണ്ട് | ചുമതല | കാലയളവ് |
|---|---|---|---|---|
| പ്രവർത്തനം: ഗണിത ലാബ് ( ഗണിത മധുരം ) | | 5000<br>എസ് എം സി &<br>ബി ആർ സി | എസ് എം സി | 2025-2026 |
| നിത്യജീവിതത്തിൽ ഗണിതാശയങ്ങൾ പ്രയോഗിക്കാനുള്ള പരിചയക്കുറവ് | കുട്ടിച്ചന്ത | 5000<br>ബി ആർ സി &<br>പി ടി എ | ഗണിതക്ലബ്ബ്& പി ടി എ | സെപ്റ്റംബർ – മാർച്ച് |
| അടിസ്ഥാന ഗണിതാശയങ്ങളുടെ അഭാവം | ഗണിതമൂല (എല്ലാ ക്ലാസുകളിലും) | 2000 | ഗണിതക്ലബ്ബ് | ഓഗസ്റ്റ്- ഫെബ്രുവരി |

# അറബിക്

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാം സ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി. പ്രാചീന സെമറ്റിക് ഭാഷാ കുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏകഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ മറ്റ വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷ അധ്യയനവും മുന്നോട്ടു പോകുന്നു എന്നത് വളരെ അഭിമാനകരവും അഭിനന്ദനീയമായ വസ്തുതയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർത്ഥി ശാക്തീകരണത്തിൻ്റെയും പ്രഥമ പടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. അറബിഭാഷ പഠനത്തിൽ പഠിതാക്കൾ നേരിടുന്ന ചില പ്രശ്നങ്ങളും അതിൻെറ പരിഹാരവിധികളും ആണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നത്.

| പ്രശ്നം | പരിഹാരം | ചുമതല | തുക | കാലയളവ് |
| --- | --- | --- | --- | --- |
| കുട്ടികൾക്ക് അക്ഷരങ്ങൾ കൂട്ടി വായിക്കാൻ അറിയില്ല | അക്ഷരങ്ങളുടെ ഹർക്കത്തുകൾ മനസ്സിലാക്കി കൊടുക്കുന്നു | അറബിക് ക്ലബ്ബ് | 500 | ജൂൺ -മാർച്ച് |
| ഉപചാര വാക്കുകളുടെ കുറവ് | വിവിധ സന്ദർഭങ്ങളിലെ ഉപചാര വാക്കുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് റോൾപ്ലേ ആയി സംഭാഷണം നടത്തുന്നു | അറബിക് ക്ലബ്ബ് | 1000 | ജൂൺ സെപ്റ്റംബർ |
| പ്രകൃതിയെ കുറിച്ചുള്ള അറിവില്ലായ്മ | വിവിധ പക്ഷികൾ മൃഗങ്ങൾ ഇവയുടെ താമസസ്ഥലം, ശബ്ദങ്ങൾ എന്നിവ തിരിച്ചറിയാൻ ഒരു ഫീൽഡ് ട്രിപ്പ് നടത്തുന്നു | പിടിഎ | 2000 | ഒക്ടോബർ- ഡിസംബർ |
| ചോദ്യപദങ്ങൾ മനസ്സിലാക്കാത്ത അവസ്ഥ | അഥവാ തെലി ഇസ്തിഫ ഉപയോഗിച്ച് ലഘുസം സംഭാഷണങ്ങൾ നടത്തുന്നു | അറബിക് ക്ലബ്ബ് | 500 | ഡിസംബർ - ജനുവരി |
| ഗതാഗത മാധ്യമങ്ങളുടെ പരിചയക്കുറവ് **ട്രാഫിക് ചിഹ്നങ്ങൾ** | വാഹനങ്ങളും അവയുടെ സഞ്ചാര പാതയും ഐസിടിയുടെ സഹായത്തോടെ കുട്ടികളെ കേൾപ്പിക്കുകയും കാണിച്ചു കൊടുക്കുകയും ചെയ്യുന്നു | അറബിക് ക്ലബ്ബ് | 1000 | ജനുവരി - ഫെബ്രുവരി |
| ജോമട്രിക് രൂപങ്ങൾ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ | മാത്തമാറ്റിക്സ് രൂപങ്ങൾ അവയുടെ ചിത്രങ്ങൾ വെട്ടിയെടുത്ത് നോട്ട്ബുക്കിൽ ഒട്ടിച്ച് അവയുടെ പേരുകളും എഴുതുന്നു | അറബിക് ക്ലബ്ബ് | 500 | ഫെബ്രുവരി -മാർച്ച് |